**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5320** **21-07-2022 - ൽ മറുപടിയ്ക്ക്**

**ശ്രീ. മുഹമ്മദ് ഇസ്മയിൽ ടി.വി.യെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് തൂണേരി ഐ.സി.ഡി.എസ്. ൽ ക്ലർക്ക് ആയിരുന്ന മുഹമ്മദ് ഇസ്മയിൽ ടി.വി. യുടെ അവധി അപേക്ഷയിൽ തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | തൂണേരി ICDS- ൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ ശ്രീ മുഹമ്മദ് ഇസ്മായിൽ ടി വി ക്ക് 15.04.2017 മുതൽ 10.08.2017 വരെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ടിയാൾ അവധി കാലയളവ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാതെ 11.08.2017 മുതൽ 15.04.2018 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി 03.10.2017 ലും തുടർന്ന് 16.04.2018 മുതൽ 19.02.2019 വരെ അവധി ദീർഘിപ്പിക്കുന്നതിന് 21.01.2019 ലും അവധി അപേക്ഷ സമർപ്പിക്കുകയുണ്ടായി. 19.02.2019-ന് ശേഷം ടിയാൻ ജോലിയിൽ പ്രവേശിക്കുകയോ അവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിന്ന ടി ജീവനക്കാരനെതിരെ വകുപ്പ്തല അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലെ എസ്.ജെ.ഡി./2399/2020/ഇ5 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ശ്രീ മുഹമ്മദ് ഇസ്മായിൽ, ക്ലാർക്കിന്റെ 11.08.2017 മുതൽ 15.04.2018 വരെയുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അവധി അപേക്ഷ 03.10.2017 ൽ സാമൂഹ്യനീതി ഡയറക്ടേറ്റിൽ ലഭിച്ചിട്ടുണ്ട്. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ടിയാന്റെ സേവന പുസ്തകം സർക്കാരിലായതിനാൽ ടി അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ടിയാന്റെ 16.04.2018 മുതൽ 19.02.2019 വരെയുള്ള അവധി അനുവദിക്കുന്നതിനുള്ള അപേക്ഷ 21.01.2019 ൽ സാമൂഹ്യനീതി ഡയറക്ടേറ്റിൽ ലഭിച്ചു. 19.02.2019 ന് ശേഷം ടിയാൻ ജോലിയിൽ പ്രവേശിക്കുകയോ അവധി അപേക്ഷ സമർപ്പിക്കുയോ ചെയ്യുകയുണ്ടായില്ല. ഇത്തരത്തിൽ അവധി കഴിഞ്ഞ് യഥാസമയം ജോലിയിൽ പ്രവേശിക്കാതെ |

| | | | |
|---|---|---|---|
| | | | ജോലിയിൽ നിന്നും വിട്ട് നിന്ന ടി ജീവനക്കാരനെതിരെ വകുപ്പ്തല അച്ചടക്കനടപടി സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും ടി ജീവനക്കാരനെതിരെ സാമൂഹ്യനീതി ഡയറക്ടർ വകുപ്പ്തല അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വ്യക്തിയെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | ടി ജീവനക്കാരനെതിരെയുള്ള വകുപ്പ്തല അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ടി. നടപടിയിലെ തീർപ്പിന് വിധേയമായി പരിശോധിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ